LEGISLATIVE BUSINESS

Kerala Panchayat Union Councils and Zilla Parishads Bill, 1964

Mr. Speaker : We will continue the discussion on the Motion for reference to Select Committee of the Kerala Panchayat Union Councils and Zilla Parishads Bill, 1964. Shri P. M. Kunhiraman-Nambiar was speaking on the other day. He may continue.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : സർ, ഈ ബിൽ സെലക്ററ് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ളതിനെ സംബന്ധിച്ച ചർച്ചയിൽ പങ്കെടുത്ത വരിൽനിന്ന പല അഭിപ്രായങ്ങളും ഇതിനകം വരികയുണ്ടായി. അത്തരം അഭിപ്രായങ്ങളും, സെലക്ററ് കമ്മിറ്റി ശരിയായി പരിഗണിക്കുമെന്ന ഞാൻ വിശ്വസിക്കുകയാണ്. അങ്ങനെയുള്ള അഭിപ്രായങ്ങളും ആദരിച്ച് ആവശ്യമായ മാററങ്ങളും വരുത്തുന്നില്ലെങ്കിൽ, ഈ ബില്ലിന്റെ പ്രവർത്തനംമൂലം നാം വിചാരിക്കുന്നതിന് നേരേ വിപരീതമായ ഫലമല്ലേ ചെയ്യുക എന്ന ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഭരണാധികാരം സാധാരണ ജനങ്ങളിലേക്ക് പകർന്ന് ജനാധിപത്യ വ്യവസ്ഥിതി കൈവരുത്തണമെന്നാണ് നാം ഉദ്ദേശിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്തുകൾക്കും, അതിനുകളിലുള്ള പഞ്ചായത്ത് യൂണിയനുകൾക്കും, ജില്ലാ പരിഷത്തുകൾക്കും, അധികാരങ്ങൾ നൽകിക്കൊണ്ട് ഈ രാജ്യത്തെ സാധാരണക്കാരായ ജനങ്ങളുടെ കൈയിൽ ഭരണം ഏല്പിച്ച്, സാധാരണക്കാരുടെ വികാരങ്ങൾക്കും, ആവശ്യങ്ങൾക്കും അനുസരിച്ച പ്രവർത്തിക്കാനുള്ള ഒരു പരിപാടി ആസൂത്രണം ചെയ്തിരിക്കുന്നത്. അങ്ങനെയാണെങ്കിൽ, ഈ ഘടകങ്ങൾ തികച്ചും ജനാധിപത്യ വ്യവസ്ഥിതിയിലുള്ള ഘടകങ്ങൾ ആയിരിക്കണം. അതേ സമയത്തു കൂടുതൽ സൃഷ്ടിപരമായ കാര്യങ്ങൾ ചെയ്യാൻ അവർക്ക് സാധിക്കണം ; അതിനുള്ള സ്വാതന്ത്ര്യവും അധികാരവും അവർക്ക് നൽകുകയും വേണം. ഈ മൂന്നുനാലു സംഗതികൾ ഒത്തുചേർന്നാൽ മാത്രമേ നാം വിചാരിക്കുന്ന രീതിയിൽ ഈ ഘടകങ്ങളെക്കൊണ്ട് നാട്ടിൽ എന്തെങ്കിലും ഫലപ്രദമായി ചെയ്യാൻ സാധിക്കുകയുള്ളൂ. പഞ്ചായത്ത് ആക്ടിന്റെ പാസ്സായതിനെ തുടർന്ന്, പഞ്ചായത്ത് യൂണിയൻ കൗൺസിലുകളും, ജില്ലാ പരിഷത്തുകളും ചേർന്നുള്ള പഞ്ചായത്ത് രാജാണ് നാം വിഭാവനംചെയ്യുന്നത്. ഈ ബിൽ ശരിയായി പരിശോധിച്ചു നോക്കിയാൽ, പഞ്ചായത്ത് രാജ് എന്ന പേരിൽ, ഒരു രാജവാഴ്ചയുടെ പ്രതീതിയല്ലേ ഇതുണ്ടാക്കിത്തീർക്കുന്നതെന്ന സംശയിച്ചുപോകുകയാണ്. പഞ്ചായത്ത് ആക്ടിന്റെപ്രകാരം നാം ജനങ്ങൾക്ക പകർന്നുകൊടുക്കണമെന്ന വിചാരിക്കുന്ന അധികാരങ്ങൾ, പഞ്ചായത്തുകൾക്കും, പഞ്ചായത്ത് യൂണിയൻ കൗൺസിലുകൾക്കും, ജില്ലാ പരിഷത്തുകൾക്കും വിഭജിച്ചു കൊടുക്കുന്ന എന്നു പറയുന്നുണ്ടെങ്കിലും, ശരിക്ക പരിശോധിച്ചാൽ; പഞ്ചായത്ത് രാജെന്ന പറയുന്നതിനെക്കാൾ, ഈ ബില്ലിലെ വ്യവസ്ഥകൾ അനുസരിച്ച്, 'ഡവലപ്മെൻറ് ആഫീസർ രാജ്' എന്നോ 'കളക്ടർ രാജ്' എന്നോ പേരു മാറുന്നതായിരിക്കും നല്ലതെന്ന അഭിപ്രായമാണെനിക്കുള്ളത്. പഞ്ചായത്ത് രാജെന്ന നാം പറയുമ്പോൾ, വികസനപ്രവർത്തനങ്ങൾക്കും മറും പഞ്ചായത്ത് പ്രസിഡൻറന്മാർക്കും പഞ്ചായത്തുമെമ്പറന്മാർക്കും അഭിപ്രായസ്വാതന്ത്ര്യവും, പ്രവർത്തനസ്വാതന്ത്ര്യവും, ഉണ്ടായിരിക്കണമെന്നാണ് പ്രതീക്ഷിക്കുന്നത്. എന്നാൽ, ഈ ബില്ലിലെ വ്യവസ്ഥകൾ അനുസരിച്ച് ഡവലപ്മെൻറ് ആഫീസർക്കായിരിക്കും എല്ലാ കാര്യത്തിലും വേണ്ടിടത്തോളം നിയന്ത്രണാധികാരവും, പ്രവർത്തനസ്വാതന്ത്ര്യവും എന്നു കാണാം. കളക്ടറുടെ ആജ്ഞാനുവർത്തിയായ ഡവലപ്മെൻറ് ആഫീസർ പറയുന്ന കാര്യങ്ങൾ മാത്രമേ പഞ്ചായത്തുകൾക്കും, അതിനുപരിയുള്ള ഘടകങ്ങൾക്കും ചെയ്യാൻ സാധിക്കുന്നുള്ളൂ. ഡവലപ്മെൻറ് ആഫീസറെ നിയന്ത്രിക്കാൻ, അവർക്ക് അധികാരമില്ല. ഡവലപ്മെൻറ് ആഫീസർ പറയുന്നതനുസരിച്ചേ അവർക്ക് പ്രവർത്തനസ്വാതന്ത്ര്യം ലഭിക്കുന്നുള്ളൂ. ഡവലപ്മെൻറ് ആഫീസറെ നാമിനേറ്റു ചെയ്യുന്നത് കളക്ടർമാരായിരിക്കും. ഡവലപ്മെൻറ് ആഫീസർ പറയുന്നത്

LIBRARY ARCHIVES Kerala Legislative Assembly

അനുസരിച്ച് പഞ്ചായത്ത് യൂണിയൻ കൗൺസിൽ പ്രവർത്തനം നടത്തിക്കൊള്ളണം. കളക്ടറുടെ ആജ്ഞാനുവർത്തിയായി, ഡവലപ്മെന്റ് ആഫീസർ പഞ്ചായത്തുകളെയും, പഞ്ചായത്ത് യൂണിയൻ കൗൺസിലുകളെയും നിയന്ത്രിക്കുകയാണ്. ഉത്തരവാദിത്വമുള്ള എല്ലാ ചുമതലയും ഡവലപ്മെന്റ് ആഫീസറെ ഏല്പിച്ചിരിക്കുകയാണ്. ആഫീസറുടെ ഇഷ്ടംപോലെ പ്രവർത്തിക്കാം, ആഫീസറെ നിയന്ത്രിക്കാൻ അവർക്ക് അധികാരമില്ല. പഞ്ചായത്തിനെക്കൊണ്ട് ഇഷ്ടമുള്ള ജോലി ചെയ്യിക്കാൻ ഡവലപ്മെന്റ് ആഫീസർക്ക് കഴിയും. ആകെപ്പാടെ പരിശോധിക്കുമ്പോൾ, ഒരു സേച്ഛാധികാരിയായി ഡവലപ്മെന്റ് ആഫീസറും, കളക്ടറും പ്രവർത്തിക്കത്തക്ക നിലയിൽ ഇവിടെ പഞ്ചായത്ത് രാജെന്ന പേരിൽ, തികച്ചും സേച്ഛാധിപത്യ ഭരണം നടപ്പാക്കാനല്ലേ ഇതു കൊണ്ട് സാധിക്കുകയുള്ളു എന്ന ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കണം. ജനാധിപത്യ വ്യവസ്ഥിതിയെ മുൻനിറുത്തിക്കൊണ്ട്, അധികാരവികേന്ദ്രീകരണത്തിനുവേണ്ടി ഉള്ള ഒരു ശ്രമമാണിതെന്നു പറഞ്ഞാൽ മാത്രം പോരാ. യഥാർത്ഥത്തിൽ നാം ഉദ്ദേശിക്കുന്നതെന്താണ്, ഇതുമൂലം വന്നുഭവിക്കുന്നതു് എന്തായിരിക്കും ? തിരഞ്ഞെടുക്കപ്പെട്ടന്ന പഞ്ചായത്ത് മെമ്പറന്മാരുടെയും, പഞ്ചായത്ത് കൗൺസിലുകളുടെയും അധികാരങ്ങളെ നിയന്ത്രിക്കാൻ ഒരു സേച്ഛാധികാരിയെ പ്രതിഷ്ഠിക്കുകയാണ്. ജനപ്രതിനിധികളുടെ ഇംഗിതത്തിനൊത്തു പ്രവർത്തിക്കാൻ സാധിക്കാതെ, കളക്ടറുടെ നിർദ്ദേശാനുസരണം, ഡവലപ്മെന്റ് ആഫീസർ നിയന്ത്രിക്കുന്ന ഭരണം നടത്തുന്നതു് അധികാര വികേന്ദ്രീകരണത്തത്തെ അടിസ്ഥാനമാക്കിയാണെന്നെങ്ങനെ വിശ്വസിക്കാൻ കഴിയും? ഇന്നത്തെ പഞ്ചായത്തുകളുടെയും പഞ്ചായത്ത് യൂണിയൻ കൗൺസിലുകളുടെയും, ജില്ലാ പരിഷത്തുകളുടെയും ഘടനയും പ്രവർത്തനവും നോക്കുകയാണെങ്കിൽ, മുൻപു് ബ്രിട്ടീഷു ഭരണത്തിന്റെ കീഴിൽ അനുഭവിച്ചിരുന്ന എല്ലാ സ്വാതന്ത്ര്യവും എടുത്തുകഴിഞ്ഞിരിക്കുന്ന ഒരു അനുഭവമാണുണ്ടാവുന്നതു്. ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ അറിയാം ; മുൻപു് മലബാർ ഭാഗത്തു ജില്ലാ ബോർഡുണ്ടായിരുന്നു. ഇരുപതുകൊല്ലക്കാലം ജില്ലാ ബോർഡുണ്ടായിരുന്നു. ജില്ലാ ബോർഡിലേക്കു നേരിട്ടു തിരഞ്ഞെടുപ്പു നടത്തുകയായിരുന്നു. ജനങ്ങളിലേക്കു ഭരണം പകർന്നുകൊടുക്കത്തക്കവിധത്തിൽ, ബ്രിട്ടീഷുകാരുടെ കാലത്തുപോലും ജില്ലാ ബോർഡുകൾക്കു ചില അധികാരങ്ങൾ നൽകിയിരുന്നു. ബോർഡു മെമ്പറന്മാരെ തിരഞ്ഞെടുത്തിരുന്നു, അവർതന്നെ പ്രസിഡൻറിനെ തിരഞ്ഞെടുത്തിരുന്നു. പ്രസിഡൻറിന്റെ പ്രവർത്തനത്തെ സംബന്ധിച്ചും, ബോർഡിന്റെ പ്രവർത്തനത്തെ സംബന്ധിച്ചും ശരിയായ ഉപദേശം നൽകാനും അഭിപ്രായങ്ങൾ ആരായാനും മാത്രമേ ജില്ലാ കളക്ടർമാർക്കു അധികാരം ഉണ്ടായിരുന്നുള്ളൂ. ഇവിടെ ജനാധിപത്യത്തിന്റെ പേരിൽ അധികാരവികേന്ദ്രീകരണം നടത്തുന്നു എന്നു പറഞ്ഞുകൊണ്ട്, അധികാരങ്ങൾ കൂടുതൽ കൂടുതൽ ജനങ്ങളിലേക്കു പകരുന്നു എന്നു പറഞ്ഞുകൊണ്ട്, ഒരു സേച്ഛാധിപത്യ ഭരണത്തിന്റെ പ്രതീതിയാണ് ഈ ബില്ലിലെ വ്യവസ്ഥകൾമൂലം വന്നുത്താൻ കഴിഞ്ഞിട്ടുള്ളതു്. ഇരുപതുകൊല്ലം കഴിഞ്ഞിട്ടും അതുത്തോളം പിന്നാക്കം നാം പോയിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യം പ്രത്യേകം ചിന്തിക്കുന്നതു നന്നായിരിക്കും. ജില്ലാ പരിഷത്തിന്റെ അദ്ധ്യക്ഷൻ കളക്ടറായിരിക്കണം, അദ്ദേഹം പറയുന്നതു അനുസരിച്ചു പ്രവർത്തിച്ചുകൊള്ളണം, എല്ലാവരും അദ്ദേഹത്തിന്റെ ആജ്ഞ അനുസരിച്ചു നടന്നുകൊള്ളണം എന്ന ഒരു നിലപാടാണ് ഇതിൽ സ്വീകരിച്ചിരിക്കുന്നതു്. ജില്ലാ പരിഷത്തിലെ മെമ്പറന്മാർതന്നെ നേരിട്ടു തിരഞ്ഞെടുക്കപ്പെട്ടവരല്ല. പുതുതായി പഞ്ചായത്തുകൾ വന്നതിനുശേഷം, പഞ്ചായത്തുകളിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ടവരുണ്ട്, മുനിസിപ്പാലിറ്റികളിലെ അംഗങ്ങൾ ഉണ്ടായിരിക്കും. മൂന്നുനാലും കൊല്ലങ്ങളായി മുനിസിപ്പാലിറ്റികളിൽ പ്രവർത്തിച്ചു പരിചയമുള്ള എം. എൽ. എ. മാരും ജില്ലാ പരിഷത്തിൽ ഉണ്ടായിരിക്കും. ജില്ലാ പരിഷത്തുകളിൽ എം. എൽ. എ. മാർ ഉണ്ടായിരിക്കണമെന്നുള്ള അഭിപ്രായം എനിക്കില്ല. ജില്ലാ പരിഷത്തിലേക്കു 5 കൊല്ലത്തേക്കു തിരഞ്ഞെടുപ്പു നടത്തുമ്പോൾ, എം. എൽ. എ. മാരായിരിക്കുന്നവരെ സംബന്ധിച്ചു് നാട്ടിൽ ജനങ്ങൾക്കും, വോട്ടേഴ്സിനും അഭിപ്രായം മാറി വന്നുവെന്നുവരും. ഭാവിയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇത്തരത്തിലുള്ള ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിൽ അവക്കു സ്ഥാനം നൽകരുതെന്നുള്ള അഭിപ്രായംതന്നെ ഉണ്ടായെന്നുവരും. ജില്ലാ പരിഷത്തിലാണെങ്കിൽ എം. എൽ. എ. മാക്കു വോട്ടവകാശംപോലും ഇല്ല. നല്ല പരിചയസമ്പന്നന്മാരായ എം. എൽ. എ. മാർ ഉണ്ടെങ്കിൽ അവക്കു പ്രസിഡണ്ടാകാൻപോലും അർഹതയില്ല. കളക്ടറുടെ വെറും ആജ്ഞാനുവർത്തികളായി പരിഷത്തിൽ കഴിഞ്ഞുകൂടുന്ന ഒരു നിലയായിരിക്കും അവക്കുള്ളതു്. അതുകൊണ്ടു് അവരെ ഈ പരിഷത്തിൽ ഉൾപ്പെടുത്തണമെന്ന അഭിപ്രായം എനിക്കില്ല. ഇവിടെ ഇന്നു നടക്കുന്നതു് ജനാധിപത്യഭരണമാണു്. അതിനു് അനുസരണമായ ഒരു നിലപാടല്ല ഈ ബില്ലിൽ, ജനാധിപത്യത്തിന്റെ പേരിൽ സ്വീകരിച്ചു കാണുന്നതു്. പാകിസ്ഥാനിൽ പട്ടാളഭരണം നടക്കുന്നുണ്ടു്. ബർമ്മയിലും പട്ടാളഭരണമാണു് നടക്കുന്നതു്. രാഷ്ട്രീയ പാർട്ടികളുടെ സ്വാതന്ത്ര്യം നിഹനിച്ചുകൊണ്ടു് പട്ടാളഭരണം നടക്കുകയാണു്. നമ്മുടെ രാജ്യത്തും ഭാവിയിൽ പട്ടാളഭരണം വന്നാൽ പരിശീലനം നൽകുന്നതിനെന്നപോലെ സോച്ഛാധിപത്യഭരണത്തിന്റെ മാതൃകയിൽ, കളക്ടർമാർക്കും, ഡവലപ്മെന്റു ആഫീസർമാക്കും, കൂടുതൽ അധികാരങ്ങൾ കൈമാറുന്ന ഭരണസമ്പ്രദായം ഇവിടെ നടപ്പാക്കാൻ പോകുന്നുവെന്നു തോന്നിപ്പോകുന്നു. പഞ്ചായത്തു രാജിന്റെ മറപിടിച്ചുകൊണ്ടു്, തികഞ്ഞ ബ്യൂറോക്രാറ്റിക്കു ഭരണമാണു് ഇവിടെ നടത്താൻ പോകുന്നതു്. പഞ്ചായത്തുകൾക്കും, പഞ്ചായത്തു യൂണിയനുകൾക്കും, ജില്ലാ പരിഷത്തുകൾക്കും കാര്യമായ അധികാരമൊന്നും നൽകാതെ, ഡവലപ്മെന്റു ആഫീസർമാക്കു് കൂടുതൽ അധികാരങ്ങൾ നൽകി, ഒരു ഏകാധിപത്യ ഭരണക്രമം ഇവിടെ നടപ്പാക്കാൻ ഇടയാകുന്നതു തികച്ചും പ്രതിഷേധാർഹമാണു്. അതുകൊണ്ടു്, ഈ ബില്ലിലെ 23-ം 24-ം ക്ലാസുകളും, ജില്ലാ പരിഷത്തിനെ ബാധിക്കുന്ന 62-ാമത്തെ ക്ലാസും പ്രത്യേകം പരിശോധിച്ചു് ആവശ്യമായ മാറ്റം വരുത്തണമെന്നു് സെലക്ടു കമ്മിറ്റിയുടെ ശ്രദ്ധയിൽപെടുത്തുകയാണു്. ജനാധിപത്യ വ്യവസ്ഥിതിയിൽ ഒരു പഞ്ചായത്തു രാജു് സ്ഥാപിക്കണമെങ്കിൽ ഇവിടെ ഒരു സോച്ഛാധിപത്യത്തിനു വഴിതെളിക്കുന്ന ഈ വ്യവസ്ഥകൾ മാറേറണ്ടതാണു്. ചില ഉദ്യോഗസ്ഥന്മാരുടെ സോച്ഛാഭരണത്തെ, ജനപ്രതിനിധികളുടെ തലയിൽ കെട്ടിവച്ചുകൊണ്ടു്, ജനാധിപത്യ ഭരണത്തിന്റെ പേരിൽ കാണിക്കുന്ന ഗോഷ്ടി കഴിയുന്നത്രയും തടയപ്പെടേണ്ടതാണു്. അതിനെപ്പറ്റി ഗവണ്മെന്റു ഗാഢമായി ചിന്തിക്കണമെന്നഭ്യർത്ഥിക്കുന്നു. ഇന്നത്തെ ഭരണഘടകങ്ങൾ, ജനാധിപത്യത്തിന്റെ അംശങ്ങൾ ഉൾക്കൊള്ളുന്നതാണെങ്കിലും, ശരിയായ അധികാരം ഇല്ലാതെ, പ്രവർത്തനസ്വാതന്ത്ര്യമില്ലാതെ ശ്വാസം മുട്ടുന്നതായിട്ടു കാണാൻ കഴിയും. നിയന്ത്രണാധികാരവും, പ്രവർത്തനസ്വാതന്ത്ര്യവും ഉദ്യോഗസ്ഥന്മാരിൽ ഇരിക്കുമ്പോൾ, രാജ്യത്തിന്റെ ദൈനംദിനാവശ്യങ്ങൾ മനസ്സിലാക്കി, സാധാരണജനങ്ങളുമായി ഇടപഴകി ജീവിക്കുന്ന ജനപ്രതിനിധികൾക്കു സ്വതന്ത്രമായി നാട്ടിന്റെ നന്മയ്ക്കുവേണ്ടി എന്തെങ്കിലും പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യമില്ലാത്ത ഒരു ഭരണസമ്പ്രദായമാണു് ഇതിൽ കാണാൻകഴിയുന്നതു്. ഭൂമിയിലും, സ്വർഗ്ഗത്തിലുമല്ലാതെ, ത്രിശങ്കു സ്വർഗ്ഗത്തിൽ കഴിയുന്ന ഒരു അവസ്ഥയിലാണു് ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ജനാധിപത്യത്തിന്റെ അടിസ്ഥാനതത്വങ്ങളുടെ നിലപാടു്.

ശ്രീ. എം. നാരായണക്കുറുപ്പു്: മുമ്പു മലബാറിൽ ഉണ്ടായിരുന്ന മലബാർ ജില്ലാബോർഡുകളിൽ കുറെയൊക്കെ ധനാഗമമാർഗ്ഗങ്ങൾ ഉണ്ടായിരുന്നു. ഇപ്പോഴും മുഴുവനും പഞ്ചായത്തുകൾക്കു കൊടുത്തിരിക്കുകയാണു്. ഇന്നത്തെ രീതിയിൽ ഈ ജില്ലാ നിലവാരത്തിലുള്ള ബോർഡുകൾക്കു എന്തെങ്കിലും പ്രവർത്തിക്കുവാൻ അധികാരം കൊടുക്കുക എന്നുള്ളതല്ലാതെ സ്വതന്ത്രമായി പ്രവർത്തിക്കുവാൻ വല്ല ധനാഗമമാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: ഈ ബിൽ പ്രകാരം പഞ്ചായത്തുകൾക്കല്ല കൂടുതൽ അധികാരം കൊടുത്തിരിക്കുന്നതു്. കൗൺസിലുകൾക്കാണു്. ഞാൻ പറയുന്നതു പഞ്ചായത്തിനും കൗൺസിലിനും നികുതി പിരിക്കാനുള്ള അധികാരം കൊടുക്കാതെ അതു ഡിസ്ട്രിക്ടു ബോർഡിനു വിട്ടുകൊടുക്കണമെന്നാണു്. ഈ ബിൽ പ്രകാരം പഞ്ചായത്തു നികുതി പിരിക്കും, യൂണിയൻ കൗൺസിലും നികുതി പിരിക്കും, ഇതു രണ്ടും വേണ്ട

LIBRARY ARCHIVES Kerala Legislative Assembly

അവരെ രണ്ടു കൂട്ടരേയും ഇതിൽ നിന്നും തീരെ ഒഴിവാക്കിയിട്ടു അതു ഡിസ്ട്രിക്റ്റ് ബോർഡിനെ ഏൽപ്പിക്കണം. പല നിലവാരത്തിലും പഞ്ചായത്തുകൾക്കു മാത്രമല്ല, യൂണിയൻ കൗൺസിലിനും നികുതി പിരിക്കുവാനുള്ള അധികാരം കൊടുത്തിട്ടുണ്ട്. ഇങ്ങനെ ഓരോരുത്തരായി ജനങ്ങളോടു നികുതി പിരിക്കുവാൻ വന്നാൽ ജനങ്ങൾ നികുതി കൊടുക്കുവാൻ മടിക്കും, വെറുക്കും. ജനാധിപത്യ വ്യവസ്ഥ തന്നെ വേണ്ട എന്നുള്ള നില സ്വീകരിക്കും. ആ നിലവച്ചു നോക്കിയിട്ടു പഞ്ചായത്തിനു നികുതി പിരിക്കുവാൻ അധികാരമുണ്ടെങ്കിൽ അതു നിറുത്തണം. അതുപോലെ തന്നെ യൂണിയൻ കൗൺസിലിന്റെ അധികാരവും നിറുത്തണം. എന്നിട്ടു ഡിസ്ട്രിക്റ്റ് ബോർഡിനു ഈ അധികാരം നൽകണം. ഡിസ്ട്രിക്റ്റ് ബോർഡിനു നികുതി പിരിക്കുവാനുള്ള അധികാരം കൊടുത്തിട്ടില്ല. അങ്ങനെ കൊടുക്കുമ്പോൾ ബോർഡിനു ഒരു ധനാഗമമാർഗ്ഗം വരികയില്ലേ? അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. നാരായണക്കുറുപ്പു എങ്കിലും തുച്ഛി അടഞ്ഞു ഗവണ്മെന്റിനെക്കൊണ്ടു ഈ കാര്യം നടപ്പിൽ വരുത്തുവാൻ ശ്രമിച്ചാൽകൊള്ളാം. ഞാൻ ഇതെല്ലാം പറഞ്ഞതു് ഡിസ്ട്രിക്റ്റ് ബോർഡിന്റെ സാമ്പത്തികമായ കഴിവിനെ കാണിക്കുവാൻ വേണ്ടിയല്ല. ഘടകം എന്നുള്ള നിലയിൽ പഞ്ചായത്തിനു ശ്വാസം ശ്വസിക്കാനുള്ള ഒരു നിലയല്ല നമ്മുടെ രാജ്യത്തുള്ളതെന്നുള്ള കാര്യം ഊന്നിപ്പറയേണ്ടതായിട്ടുണ്ടു്. ജില്ലാ പരിഷത്തിന്റെ നിയന്ത്രണത്തിൻ കീഴിൽ ആയിരിക്കണം, എല്ലാ വികസന പ്രവർത്തനങ്ങളും നടത്താനുള്ള അധികാരം കൊടുക്കേണ്ടതു്. എല്ലാ പഞ്ചായത്തു യൂണിയൻ കൗൺസിലുകൾക്കും കൊടുത്തിട്ടുള്ള കുറെ അധികാരങ്ങളും ഉണ്ടു്. വികസന പ്രവർത്തനങ്ങളും നടത്താനും നിയന്ത്രിക്കുവാനും അധികാരം കൊടുത്തിട്ടുണ്ടു്. എല്ലാ പഞ്ചായത്തുകളിലും ഏതെല്ലാം തരത്തിലുള്ള രോഗങ്ങൾ വരുന്നു, അതിനെ ഏതെല്ലാം വിധത്തിൽ നിയന്ത്രിക്കാം, എവിടെ എവിടെയെല്ലാം ആശുപത്രികൾ വേണം, ഇതെല്ലാം ജില്ലാ അടിസ്ഥാനത്തിൽ കാണണം. ജില്ലാ പരിഷത്തിനു കൂടുതൽ അധികാരങ്ങളും ഉണ്ടായിരിക്കണം. ഘടകങ്ങളും തന്നെയും തെരഞ്ഞെടുക്കപ്പെട്ട ഘടകങ്ങളും ആയിരിക്കണം. പ്രവർത്തനത്തിനുവേണ്ട സാമ്പത്തികമായ കഴിവും ഉണ്ടായിരിക്കണം. ഉദ്യോഗസ്ഥന്മാരേ പാടില്ല. ആ ചുമതല പരിഷത്തിനുണ്ടാക്കുകയാണെങ്കിൽ പഞ്ചായത്തിനകത്തും യൂണിയൻ കൗൺസിലിനകത്തും ജനാധിപത്യപരമായ ചിന്താഗതി വളർത്താൻ സാധിക്കും. അല്ലാതെ എല്ലാ നിലവാരത്തിലും നികുതി പിരിക്കാൻ തുടങ്ങിയാൽ ആളുകൾക്കു വെറുപ്പുണ്ടാകാനാണു സാദ്ധ്യത. ഈ തരത്തിലുള്ള ഘടകങ്ങളേ ആവശ്യമില്ല എന്നുള്ള രീതിയിൽ തീരുമാനം എടുക്കുവാനുള്ള ഒരു പ്രവണത തന്നെ ആളുകളുടെ ഇടയിൽ ഉണ്ടാകും അവസാനമായി എനിക്കു ബഹുമാനപ്പെട്ട മന്ത്രിയോടു അപേക്ഷിക്കുവാനുള്ള ഒരു കാര്യം ഈ പഞ്ചായത്തുകളുടേയും യൂണിയൻ കൗൺസിലുകളുടേയും ഘടന തന്നെ മാറ്റി ആകമാനം ഒരു മാറ്റം വരുത്തി ക്കൊണ്ടു തികച്ചും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും മാത്രം അടങ്ങുന്ന ഒരു ഘടനയായി ജില്ലാ പരിഷത്തു വളരണം. അവർക്കു കീഴിൽ ഉദ്യോഗസ്ഥന്മാർ പ്രവർത്തിക്കണം. ഒരു ഏകാധിപത്യ പ്രവണത ഇതിൽ ഉണ്ടായിരിക്കുവാനേ പാടില്ല. അതിന്റെ അടിസ്ഥാനത്തിൽ മനുഷ്യന്റെ ശരിയായ വ്യക്തിത്വം വളരുന്നതിനും വികസിക്കുന്നതിനും ഉള്ള സാദ്ധ്യതയെ ഒരിക്കലും നിഷേധിക്കാൻ പാടില്ല. യൂണിയൻ കൗൺസിലിന്റെയും ജില്ലാ പരിഷത്തിന്റേയും ഘടനയിൽ മാറ്റം വരുത്തിക്കൊണ്ടു കൂടുതൽ നികുതി പിരിക്കുവാനുള്ള അവസരവും ന്യായകാര്യവും കൊടുത്തുകൊണ്ടു വികസന പ്രവർത്തനങ്ങളും നടത്താനുള്ള പരിപാടികളും ആവിഷ്കരിക്കണം. ഞാൻ ഈ പറഞ്ഞ കാര്യങ്ങളും സെലക്റ്റ് കമ്മിറ്റി അംഗങ്ങളും ഗൗരവതരമായി കരുതുകയും അതിനെപ്പറ്റി ആലോചിച്ചു, ജനാധിപത്യ വ്യവസ്ഥിതി അംഗീകരിച്ചുകൊണ്ടും ആകമാനം ഇതിന്റെ ഘടനയിൽ തന്നെ മാറ്റം വരുത്തിക്കൊണ്ടും ഒരു പരിപാടി ആവിഷ്കരിക്കുമെന്നു വിശ്വസിച്ചുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണു്,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ദാമോദരമേനോൻ : സ്പീക്കർ സർ, ഈ ബില്ലിനെപ്പറ്റി യുള്ള ചർച്ച കുറെ ദിവസമായി നാം നടത്തിക്കൊണ്ടിരിക്കുകയാണു്. ഓരോ ആഴ്ചയിലും വെള്ളിയാഴ്ച ഒരു മണിക്കൂർനേരം മാത്രമേ ഇതിന്റെ ചർച്ചക്കായി സമയം കിട്ടാറുള്ളുവെങ്കിലും നിയമസഭ തുടങ്ങി കുറച്ചു കഴിഞ്ഞപ്പോൾ തന്നെ ഇതു ആരംഭിക്കുകയുണ്ടായി. ഇങ്ങനെ ഏറെ ദിവസമായി ഇതു ചർച്ചചെയ്യുന്നു എന്നുള്ളതു ഇതിന്റെ പ്രാധാന്യത്തെയാണു സൂചിപ്പിക്കുന്നതെങ്കിൽ അതിൽ ഞാൻ സന്തുഷ്ടനാണു്. മെമ്പറന്മാർ എല്ലാവരും തന്നെ ഇതിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ടു് അഭിപ്രായ പ്രകടനത്തിനായി മുമ്പോട്ടു വന്നു എന്നുള്ളതും ശുഭസൂചകമാണു്. വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു ബില്ലാണു് ഇതു്. വളരെയധികം മെമ്പറന്മാർ അതു സംബന്ധിച്ചു അഭിപ്രായ പ്രകടനങ്ങളും നടത്തുകയും ചെയ്തിട്ടുണ്ടു്. സെലക്ടു കമ്മിറ്റിക്കു തന്നെ സാധാരണ ബില്ലുകൾക്കു അനുവദിക്കാവുന്നതിലും കൂടുതൽ മെമ്പറന്മാരെ ചേർത്തിട്ടുണ്ടു്. കൂടുതൽ മെമ്പറന്മാർ കക്ഷിഭേദമെന്യേ ഈ ബില്ലിന്റെ ചർച്ച യിൽ സഹകരിക്കുകയും, അഭിപ്രായപ്രകടനങ്ങളും നടത്തുകയും ഈ ബില്ലിലെ അടിസ്ഥാന തത്വങ്ങളെക്കുറിച്ചു് ഉണ്ടായിട്ടുള്ള ആശയക്കുഴപ്പങ്ങളും വിശദമാക്കു കയും ചെയ്തിട്ടുണ്ടു്. ഇതെല്ലാംതന്നെ ഇവിടെ പ്രസ്താവ്യമാണു്. ഞാൻ ഇപ്പോൾ ഒന്നുരണ്ടു അടിസ്ഥാന കാര്യങ്ങളെ സംബന്ധിച്ചു മാത്രമേ പറയണമെന്നു വിചാരിക്കുള്ളു. കാരണം ഇതു സെലക്ടു കമ്മിറ്റിക്കയക്കുകയാണു്. ബിൽ സെലക്ടു കമ്മിറ്റി സ്റ്റേജിൽ ചർച്ച ചെയ്തു ഇവിടെ ഉന്നയിച്ചിട്ടുള്ള അഭിപ്രായപ്രകടനങ്ങളുടെ വെളിച്ചത്തിൽ എന്തെല്ലാം മാറ്റങ്ങളും വരുത്തേണ്ട താണെന്നുള്ളതു് കാര്യമായി പരിഗണിക്കുന്നതാണു്. ആ കാര്യം സെലക്ടു കമ്മിറ്റി ഭംഗിയായി നിർവ്വഹിക്കുകയും ചെയ്യും. അടിസ്ഥാനപരമായ ചില കാര്യങ്ങളും പറഞ്ഞിട്ടുള്ളതു എന്നെ തെല്ലൊന്നു പരിഭ്രമിപ്പിക്കാതിരുന്നില്ല. അവസാനമായി പറഞ്ഞ ശ്രീ. കുഞ്ഞിരാമൻ നമ്പ്യാരുടെ പ്രസംഗം എന്റെ സജീവമായ ശ്രദ്ധയിൽ പതിഞ്ഞിട്ടുണ്ടു്. അദ്ദേഹം ഇതിൽ രാജവാഴ്ചയെ വീണ്ടും കൊണ്ടുവരുന്നതിനുള്ള ഒരു പരിശ്രമംവരെ കാണുകയുണ്ടായി. ഏകാധിപത്യ പ്രവണത, ഏകശാസനാധികാരം, ഗവണ്മെന്റു ഒരു ബ്യൂറോക്രാറ്റിക് ഘടകം, സ്വാർത്ഥവാഴ്ചക്കുള്ള കളം ഒരുക്കൽ ഇങ്ങനെ തുടങ്ങിത്തുടങ്ങി രാജവാഴ്ച ഇവിടെ ഉണ്ടാക്കുവാനുള്ള പരിശ്രമംവരെ അദ്ദേഹം ഈ ബില്ലിൽ കണ്ടുപിടിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ഭാവനാ വൈശിഷ്ട്യം കണ്ടു കുറെയൊക്കെ ഞാൻ അത്ഭുതപ്പെടുകയാണു് ചെയ്തതു്. ബൂർബൺ രാജവംശത്തെപ്പറ്റി ഫ്രഞ്ചു റവല്യൂഷൻ ചിത്രീകരിച്ച ചരിത്ര കാരന്മാരിൽ ഒരാൾ ഒരു അഭിപ്രായം പറഞ്ഞിട്ടുണ്ടു്. അതാണു് മി. കുഞ്ഞിരാമൻ നമ്പ്യാരുടെ പ്രസംഗം കേട്ടപ്പോൾ എനിക്കു ഓർമ്മ വന്നതു്! ഫ്രാൻസിലെ ബൂർബൺ രാജവംശത്തിൽപ്പെട്ടവരെപ്പറ്റി They never learn and they never forget" എന്നാണു് പറഞ്ഞിട്ടുള്ളതു്. അവർ പുതുതായി ഒന്നും പഠിക്കുകയില്ല എന്നു മാത്രമല്ല പഴയതൊന്നും മറക്കുകയുമില്ല. നമ്പ്യാ രുടെ മനോഭാവം ആ നിലയിലുള്ളതാണു്. ഇവിടെ എന്തെല്ലാം വന്നാലും എത്രതന്നെ ചെയ്താലും രാജവാഴ്ച വരുമെന്നു പറയുന്ന അദ്ദേഹത്തിന്റെ മന സ്ഥിതി ഈ വിഷയത്തിലും മാറ്റാൻകഴിയാതെ വരുന്നതു വളരെ പരിതാപക രമായി എന്നുമാത്രമേ എനിക്കു പറയുവാനുള്ളു. അതുപോലെ തന്നെ അദ്ദേഹം ഈ ബിൽ പഠിക്കുവാനും കൂട്ടാക്കിയില്ല. രണ്ടുംകൂടി ചേർന്നുകൊണ്ടു് അദ്ദേഹ ത്തിന്റെ ഭാവനയിൽ നിന്നും ഉടലെടുത്ത ഈ ആശയം മൂലം കളക്ടർക്കു് സർവ്വാധികാരം കൊടുത്തിരിക്കുന്നു; തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധി കൾക്കു് വേണ്ടത്ര പ്രാതിനിധ്യം കൊടുക്കുന്നില്ല എന്നെല്ലാം പറയുന്നതു അത്ര ശരിയല്ല എന്നു മാത്രമേ എനിക്കു പറയുവാനുള്ളു.

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: കളക്ടർക്കു് അധികാരമില്ലെന്നും തിര ഞ്ഞെടുക്കപ്പെടുന്നവർക്കു പരമാധികാരമുണ്ടെന്നുമാണോ ബഹുമാനപ്പെട്ട മന്ത്രി പറയുന്നതു്.

ശ്രീ. കെ. എ. ദാമോദരമേനോൻ: അങ്ങനെ ഞാൻ പറഞ്ഞില്ല. രാജ വാഴ്ചയുടെ ഒരു ദുഃസൂചന ഇതിൽ ഉണ്ടെന്നു മി. നമ്പ്യാർ പറയുകയുണ്ടായി. അതിനെപ്പറ്റിയാണു് ഞാൻ പറഞ്ഞതു്. അദ്ദേഹത്തിനു അതു പറയുവാനുള്ള ധൈര്യം ഉണ്ടായല്ലോ ? അതാണു് പറഞ്ഞതു്. ജനാധിപത്യം എന്നു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എ. ദാമോദരമേനോൻ]

വച്ചാൽ എന്താണെന്നു സ്വാതന്ത്ര്യലബ്ധിക്കുശേഷം നാം കാണുന്നുണ്ട്. അതിനെപ്പറ്റി എടുത്തുപറഞ്ഞിട്ട് കാര്യമില്ല. രാജകീയമായി ഉണ്ടായിരുന്ന അധികാരം ജനങ്ങളുടെ കൈകളിലേക്കു പകർന്നു എന്നു അനുമാനിക്കാനുള്ള കാരണം എന്താണ്. നിയമസഭയിലെ അംഗങ്ങൾ ആകാനുള്ള കാരണം എന്താണ്? പ്രായപൂർത്തി വന്നിട്ടുള്ള സ്ത്രീകളുടേയും പുരുഷന്മാരുടേയും ആഗ്രഹവും അഭിപ്രായവും അനുസരിച്ചു തിരഞ്ഞെടുക്കപ്പെട്ട ഒരു സഭയാണ് ഇതു്. അതാണ് ഇവിടെ ഭരണം നടത്തുന്നതു്. അതുപോലെ തന്നെ കേന്ദ്ര പാർലമെന്റും. ഞാൻ ഇവിടെ ഇപ്പോൾ ഒരു മന്ത്രിയാണ്. എന്നെ ഏതു നിമിഷത്തിലും ഇവിടെ നിന്നും മാറുവാൻ ഇവിടത്തെ മെമ്പറന്മാർക്കു അധികാരമുണ്ട്. ഇതെല്ലാം അറിയാവുന്ന മെമ്പറന്മാർ പറഞ്ഞു പറഞ്ഞു ഇപ്പോൾ വളയം ഇല്ലാത്ത സ്ഥിതിയിൽ തന്നെ വന്നുചേർന്നിരിക്കുകയാണ്. അങ്ങനെ ആകരുതു് എന്നാണ് എനിക്കു പറയുവാനുള്ളതു്. ഈ ഗവണ്മെന്റു ഏതെങ്കിലും പ്രാഥമികമായ ചില തത്വങ്ങൾ അംഗീകരിക്കുമ്പോൾ അതിനു ചില അടിസ്ഥാനങ്ങൾ കാണും. അതിനെതിരായി എന്തെങ്കിലും മാറ്റം വരുത്തണമെങ്കിൽ അതിനു ഈ സഭയ്ക്കു ആകാവുന്ന കാര്യമാണ്. ഈ സഭയാണ് ഈ രാജ്യത്തെ ജനപ്രാതിനിധ്യസ്വഭാവമുള്ള ഏറ്റവും വലിയ സഭ. ഈ ബില്ലിൽ അങ്ങനെ വല്ലതും ഉണ്ടോ, ഏതു നിലവാരത്തിലാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കേണ്ടതു്. വികസന പ്രവർത്തനങ്ങൾ നന്നായി നടത്തുവാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്കു എന്തെല്ലാം അധികാരങ്ങൾ പകർന്നു കൊടുക്കുവാൻ സാധ്യമെന്നെല്ലാം ഉള്ളതാണ് ഇവിടെ ചർച്ചാ വിഷയം. അതിൽ ഇവിടെ ജനാധിപത്യത്തെ നശിപ്പിക്കുവാനുള്ള പരിപാടി ഉണ്ടെന്നു പറയുന്നതു തീർച്ചയായും ആരോഗ്യപ്രദമായ മനോഭാവമല്ല, വസ്തുനിഷ്ഠമായ സമീപനത്തെ സൂചിപ്പിക്കുന്നവയല്ല. അതാണ് ഞാൻ പറഞ്ഞതു്. പിന്നെ ഒരു കാര്യം ഇവിടെ പറഞ്ഞു. കളക്ടറും പെർമനന്റു സെക്രട്ടറിമാരും ഏകാധിപതികളായി പ്രവർത്തിക്കുമെന്നും സൂചിപ്പിക്കുകയുണ്ടായി. അങ്ങനെയുള്ള ഉദ്യോഗസ്ഥന്മാർ ഇന്നത്തെ ഭരണക്രമത്തിനു ആവശ്യമാണ്. നിയമസഭയ്ക്കു വിധേയമായി പ്രവർത്തിക്കുന്നവരാണ്. ഇഷ്ടംപോലെ ചെയ്യാനുള്ള അധികാരം അവർക്കില്ല. തദ്ദേശഭരണസ്ഥാപനങ്ങൾക്കും ഈ ഉദ്യോഗസ്ഥന്മാർ ആവശ്യമാണ്. അതുകൊണ്ടു് അവർ ഡിസിപ്ലിനറി കൺട്രോളിൽ നിന്നും ഒഴിവായി പ്രവർത്തിക്കുമെന്നു ധരിക്കേണ്ട കാര്യമില്ല. ഏകാധിപതികളായി പ്രവർത്തിക്കേണ്ട കാര്യമില്ല. അതുകൊണ്ടു് ജനാധിപത്യത്തിലൊന്നും കുറവു വരികയില്ല. ജനാധിപത്യപ്രകാരമുള്ള ഭരണം ആദ്യമായി ഈ സംസ്ഥാനത്തു നിലവിൽ വന്നപ്പോൾ അന്നത്തെ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം അന്നത്തെ അധികാരികളുടെ നിലപാടു് എന്തായിരുന്നു എന്നു നാം ഓർമ്മിക്കണം. അവരെ നിയന്ത്രിക്കണമോ, അവർക്കു എന്തെല്ലാം അധികാരങ്ങൾ കൊടുക്കണം, ആ അധികാരങ്ങൾക്കു് ഭരണഘടനാപരമായിത്തന്നെ എന്തെല്ലാം പരിധി ഉണ്ടായിരിക്കണം എങ്ങനെ കൊണ്ടുപോകണം, എങ്ങനെ നടത്തണം എന്നെല്ലാം ഉള്ളതിനു ചില പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. അമേരിക്കയിൽ ജനാധിപത്യം ആദ്യമായി വന്നിരുന്ന കാലത്തു 'സ്പോയിൽ സിസ്റ്റം' തന്നെ നിലവിലിരുന്നു. ഒരു കക്ഷി അധികാരത്തിൽ വരുമ്പോൾ അതുവരെ ഉണ്ടായിരുന്ന ഉദ്യോഗസ്ഥന്മാരെ മാറ്റി ഭരിക്കുന്ന കക്ഷിക്കു അനുകൂലമായവരെ ഉദ്യോഗത്തിൽ നിയമിക്കുന്ന രീതി അമേരിക്കയുടെ ജനാധിപത്യ ചരിത്രത്തിൽ ആദ്യം അതുണ്ടായിരുന്നു. അതുകൊണ്ടു് ഇന്നു ഈ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം അവരുടെ നിയമനത്തെപ്പറ്റിയും മറ്റും വ്യക്തമായ വ്യവസ്ഥ തന്നെ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അതിനു ചില പ്രത്യേക യോഗ്യതകളെല്ലാം വേണം. വാസ്തവത്തിൽ മന്ത്രിവരെ ആകുന്നതിനു ചില പ്രത്യേക യോഗ്യതകളും ഉണ്ടായിരിക്കണമെന്നു വച്ചിട്ടുണ്ടു് അല്ലേ. ബി. എ. പാസ്സാകുകയോ, അല്ലെങ്കിൽ സ്ക്രീനിംഗ് പാസ്സാകുകയോ വേണമെന്നുള്ളതല്ല. അവർക്കു ഉണ്ടായിരിക്കേണ്ട യോഗ്യത ഇന്നതായിരിക്കണമെന്നു ചിന്തകന്മാർ ചർച്ചചെയ്തു തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സർ, അങ്ങനെ ഭരണം കാര്യക്ഷമമായി വിദഗ്ദ്ധമായി നടത്താൻ സാധിക്കും. അതിനുവേണ്ടിയാണു് പെർമനൻറു സ്റ്റാഫിലേയ്ക്കു് ആളുകളെ നിയമിക്കുന്നതു്.

ശ്രീ. ഈ. പി. ഗോപാലൻ : ഡെമോക്രാററിക്കു് ഡവലപ്പുമെൻറു ഇൻസ്റ്റിറ്റ്യൂഷനെ സംബന്ധിച്ചാണു് വിവരിക്കാൻ പോകുന്നതെങ്കിൽ ഇപ്പോഴത്തെ വിഷയം അതല്ല. ഇവിടെ ഡെമോക്രാററിക്കു് സൊസൈററി നിൽക്കുന്നതു് പാർലമെൻറു അസംബ്ലി എന്നതു കഴിഞ്ഞു് ലോക്കൽ സെൽഫു് ഗവണ്മെൻറു് ആയിരിക്കുകയാണു്. ജില്ലാ നിലവാരത്തിലുള്ള പ്രവണതയും ഇപ്പോഴത്തെ നിലവിലുള്ള പ്രവണതയും ഇതു രണ്ടും തമ്മിലുള്ള മൗലികമായ വ്യത്യാസം എന്താണു്? ഡെവലപ്പുമെൻറു നടത്തുകയെന്നുള്ളതിനെപ്പററി .. ..

ശ്രീ. കെ. എ. ദാമോദരമേനോൻ : സർ, ശ്രീ. ഗോപാലനു് എപ്പോഴും ഉള്ള ഒരു പതിവാണു് ഇതു്. പ്രസംഗിച്ചുകൊണ്ടു നിൽക്കുമ്പോഴത്തെ എഴുന്നേററു നിന്നു ഒരു ചോദ്യം ചോദിക്കുന്ന രൂപത്തിൽ ഞാൻ ആദ്യം പറഞ്ഞ കാര്യങ്ങളെ ഒരു വിമർശന രൂപേണ ഇവിടെ വെയ്ക്കുന്നതു് എപ്പോഴും ഉള്ള പതിവാണു്. അതു് ശരിയല്ല. വേണമെങ്കിൽ അദ്ദേഹം ഇതെല്ലാം ഒരു ഉപന്യാസത്തിൻെറ മട്ടിൽ ഇവിടെ ചോദിക്കാൻ ശ്രമിക്കും. ഞാൻ അതിലേയ്ക്കു് കടക്കുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങളെപ്പററി മറുപടി പറയുവാനാണു് ഉദ്ദേശിക്കുന്നതു്. മന്ത്രി ഏകാധിപത്യം കാണിക്കുന്നു, ചില കളക്ടർമാർ ഏകാധിപത്യം കാണിക്കുന്നു, ചില ബി. ഡി. ഓ. മാർ ഏകാധിപത്യം കാണിക്കുന്നുവെന്നെല്ലാമുള്ള ആരോപണങ്ങളും ഇവിടെ ഉന്നയിക്കുകയുണ്ടായി. ഇങ്ങനെ വളരെ അതിശയോക്തിയിൽ ചില കാര്യങ്ങളും അതിൻെറ പരമകാഷ്ഠയിലെത്തിക്കാൻ ശ്രമിച്ചിട്ടുണ്ടു്. ഏതായാലും ഇക്കാര്യങ്ങളെപ്പററിയെല്ലാം സെലക്ടു കമ്മിററി ചർച്ചചെയ്യുന്നതാണു്.

ശ്രീ. എം നാരായണക്കുറുപ്പു് : രാജാജി, പണ്ടു് ജുഡീഷ്യറിയും എക്സിക്യൂട്ടീവും ഭാഗിക്കണമെന്നു് കാൺഗ്രസ്സു് പറഞ്ഞതു് വിദേശ ഗവണ്മെൻറിൻെറ കാലത്തായിരുന്നുവെന്നും ഇപ്പോൾ ജനകീയ ഗവണ്മെൻറു നടപ്പിൽ വന്നതുകൊണ്ടു് ജുഡീഷ്യറി എക്സിക്യൂട്ടീവു് ഭാഗിക്കേണ്ടായെന്നും അഭിപ്രായപ്പെട്ടു. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗം കേട്ടപ്പോൾ ആ തത്വത്തോടു് അനുബന്ധിച്ചുള്ള ഒരു തത്വമാണു് സ്വീകരിക്കുന്നതു് എന്നു തോന്നിപ്പോകുന്നു.

ശ്രീ. കെ. എ. ദാമോദരമേനോൻ : ബഹുമാനപ്പെട്ട മെമ്പർക്കു് പലതും തോന്നും. എല്ലാവർക്കും ഓരോ തോന്നൽ ഉണ്ടാകുന്നതു് സ്വാഭാവികമാണെല്ലോ. മഹാകവി കുമാരനാശാൻ തന്നെ പറഞ്ഞിട്ടുണ്ടു് ''അനിയന്ത്രിതമായ് ചിലപ്പോഴീ, മനമോടാത്തകമാഗ്രഹമില്ലെടോ,, എന്നു്. മി. രാജാജി എന്തെല്ലാം പറഞ്ഞിട്ടുണ്ടു്.! അദ്ദേഹം ഒരു വിദഗ്ദ്ധനും പണ്ഡിതനുമാണെല്ലോ.

ഞാൻ പറഞ്ഞുവരുന്നതു് ഇവിടെ ബഹുമാനപ്പെട്ട മെമ്പറന്മാരുടെ വിമർശനങ്ങൾക്കു് മറുപടി മാത്രമാണു്. ഇവിടെത്തന്നെ പബ്ലിക്കു് സർവ്വീസു് കമ്മീഷനെ ഉണ്ടാക്കിയതു് വളരെക്കാലത്തെ പരിചിന്തനത്തിൻെറ ഫലമായിട്ടാണു്. അവരെയെല്ലാം നിയന്ത്രിക്കുന്നതിനും കാര്യങ്ങൾ പറഞ്ഞു് മനസ്സിലാക്കുന്നതിനും വേണ്ടിയാണു് നമ്മൾ ഈ നിയമസമയത്തിൽ വരുന്നതു്. ജനാധിപത്യത്തിൽ ഒരു വിധത്തിലുള്ള തകരാറും ഈ രാജ്യത്തിൽ ഈ ബിൽ പാസാക്കിയാലും ഇല്ലെങ്കിലും വരാൻ പോകുന്നില്ല. ഞാൻ ഒന്നുകൂടി പറയാം. ഞാൻ ഒരു വാദഗതി ഇവിടെ കൊണ്ടുവരുമ്പോൾ അതിൽ പറയുന്ന കാര്യങ്ങളിൽ ഒന്നിനെയെടുത്തു വേറൊരു വിധത്തിൽ അതിൻെറ അർത്ഥത്തിലും വ്യാപ്തിയിലും മനസിലാക്കാൻ ശ്രമിക്കാതെ ഒരു വിതണ്ഡാവാദത്തിനു് കഴിയുമോയെന്നു് ഉറ്റുനോക്കാതെ ഇരിക്കണമെന്നാണു് ഏകാധിപതിയായി ഈ മന്ത്രി ഒന്നും ചെയ്യാൻ ശ്രമിച്ചിട്ടില്ല. ഇവിടെ ജനാധിപത്യം അഭംഗുരമായി നടത്തിക്കൊണ്ടുപോകണമെന്നുള്ള ഒരൊറ്റ വിചാരമേയുള്ളു. അങ്ങനെ വരുമ്പോൾ ഒരുകാര്യം ചിന്തിക്കണം. ഏതു വിധത്തിലാണു് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു് അധികാരങ്ങൾ നൽകേണ്ടതെന്നു്. അതുകഴിഞ്ഞു് ആ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എ. ദാമോദരമേനോൻ[

വിധത്തിൽ എങ്ങനെ അധികാരവികേന്ദ്രീകരണം നടത്താൻ സാധിക്കുമെന്നും ആലോചിക്കേണ്ടതാണു്. ഈ കാലഘട്ടത്തിൽ ഒരു പരീക്ഷണദശയിൽ ഇതു് പരിപൂർണ്ണമായി നടപ്പിലാക്കാൻ കഴിയുമോ, അങ്ങനെ കൊണ്ടുവരുന്നതിനു് എന്തെല്ലാമാണു് പ്രയാസമുള്ളതു്, പരിപൂർണ്ണമായ നിലയിൽ കൊണ്ടുവന്നിട്ടില്ലെങ്കിൽ അതു് ഇവിടെയുള്ള ജനകീയത്തിനു് വല്ല തകരാറും ഉണ്ടാകുമോയെന്നുള്ള കാര്യങ്ങളെപ്പറ്റിയെല്ലാം ആലോചിക്കണം. പരീക്ഷണം നടത്തുമ്പോഴും ആ പരീക്ഷണം വിജയപ്രദമാക്കണം. അതിനുള്ള പരിമിതികളും മനസ്സിലാക്കിക്കൊണ്ടുവേണം ആദ്യഘട്ടത്തിൽ തന്നെ നാം കാൽവയ്ക്കേണ്ടതു്. ഇപ്പോൾ നമ്മുടെ സംസ്ഥാനത്തു തന്നെ 925—ഓളം പഞ്ചായത്തുകളും ഉണ്ടു്. ഈ പഞ്ചായത്തുകൾക്കെല്ലാം തന്നെ ഇപ്പോൾ നിലവിലുള്ള പഞ്ചായത്തു് ആക്ടനുസരിച്ചുള്ള പല അധികാരങ്ങളും കൊടുത്തിട്ടുണ്ടു്. ഈ ബില്ലനുസരിച്ചും അവക്കു് ആവശ്യമായ അധികാരങ്ങളും കൊടുത്തിട്ടുണ്ടു്. എന്നുവച്ചു് ആ അധികാരങ്ങളെല്ലാം ഉടനെ തന്നെ നടപ്പിൽ വരുത്താനുള്ള സാമ്പത്തിക കഴിവു് എല്ലാ പഞ്ചായത്തുകൾക്കും കാണുകയില്ല. പഞ്ചായത്തുകളുടെ കൂട്ടത്തിൽ ഒട്ടും സാമ്പത്തികശേഷിയില്ലാത്ത പഞ്ചായത്തുകളും ഉണ്ടു്. ആ പഞ്ചായത്തുകളിലുള്ള പൗരന്മാരും, അവർ പ്രതീക്ഷിക്കുന്ന വിധത്തിലുള്ള ന്യായമായ എല്ലാ കാര്യങ്ങളും ചെയ്തുകൊടുക്കാൻ ആ പഞ്ചായത്തിനു് സാധിക്കുമോയെന്നു് നോക്കേണ്ടതാണു്. അതെല്ലാം ആലോചിച്ചതിനുശേഷമാണു് പഞ്ചായത്തുകളെ കൂട്ടിച്ചേർത്തു് ഒരു വികസന കൗൺസിൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതു്. അങ്ങനെ കുറെ പഞ്ചായത്തുകളെ കൂട്ടിച്ചേർത്തു് വികസന കൗൺസിൽ ഉണ്ടാക്കുകയാണെങ്കിൽ അതു് വളരെ പരിഹാസ്യമായ ഒരു നടപടിക്രമമായിരിക്കുമെന്നു് ചിലർ പറയുകയുണ്ടായി. ഇവിടെത്തന്നെ ശ്രീ. കൃഷ്ണപിള്ള ചോദിക്കുകയുണ്ടായി പഞ്ചായത്തുകളും യൂണിയൻ കൗൺസിൽ അംഗങ്ങളായി വരുമ്പോൾ, ആ പഞ്ചായത്തുകൾക്കു് സ്വയം പ്രവർത്തിക്കാനുള്ള അധികാരം നഷ്ടപ്പെടുകയില്ലേയെന്നു്. യൂണിയൻ കൗൺസിലിൽ അംഗമായി വരുന്ന ചില പഞ്ചായത്തുകൾക്കു് കൂടുതൽ ധനാഗമനമാർഗ്ഗം ഉണ്ടാകും, ചില പഞ്ചായത്തുകൾക്കു് അതുതോളം കാണുകയില്ല. ആ നിലയ്ക്കു് ഇവർ പിരിച്ചെടുക്കുന്ന നികുതികളും കൗൺസിലാണു് വിതരണം ചെയ്യുന്നതെങ്കിൽ അതു് കൂടുതൽ ധനാഗമനമാർഗ്ഗം ഉള്ള പഞ്ചായത്തുകൾക്കു് നഷ്ടമായിരിക്കുകയില്ലേയെന്നുള്ള ഒരു ഭയം ശ്രീ. കൃഷ്ണപിള്ളയുടെ പ്രസംഗത്തിലുണ്ടായി. എനിക്കു് പറയുവാനുള്ളതു് നാം എല്ലാവരും പരിശ്രമിക്കുന്നതു് പ്രാദേശികമായ ഐക്യം ഉണ്ടാക്കുന്നതിനും പൊതുവേ എല്ലായിടത്തും അഭിവൃദ്ധിയുണ്ടാക്കുന്നതിനുമാണു്. ആ നിലയിലായിരിക്കണം ഓരോരുത്തരുടേയും പരിശ്രമം. ആ നിലയിലാണു് നമ്മളം ഓരോരുത്തരും ഈ നിയമസഭയിൽ വന്നു് അതായതു് നിയോജകമണ്ഡലങ്ങളിലെ അവശ്യങ്ങളെ നിറവേറ്റുന്നതിനും ഏതെങ്കിലും പ്രദേശങ്ങളിൽ കുഴപ്പം ഉണ്ടായാൽ അതില്ലാതാക്കുന്നതിനും ശ്രമിക്കുന്നതു്. അങ്ങനെ കാര്യമായ സംഭാവനകളും ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം ഓരോരുത്തർക്കും ഉണ്ടു്.

ശ്രീ. കെ. കൃഷ്ണപിള്ള : ഞാൻ ഇവിടെ പറഞ്ഞതു് ബേസിക്കു് ടാക്സിനെ സംബന്ധിച്ചാണു്. അതായതു് ഇപ്പോൾ തുടർന്നു വരുന്ന വ്യവസ്ഥയനുസരിച്ചു് പിരിച്ചെടുക്കുന്ന ബേസിക് ടാക്സിന്റെ 75 ശതമാനം അതായതു പഞ്ചായത്തുകൾ എടുത്തുകൊണ്ടു് ബാക്കി 25 ശതമാനം ഗവണ്മെന്റിനെ ഏൽപ്പിക്കണമെന്നാണു്. എന്നാൽ ഈ ബില്ലനുസരിച്ചു് ബേസിക്കു് ടാക്സു് ഓരോ പഞ്ചായത്തുകളും പിരിച്ചെടുത്തു് അതു് വിതരണം ചെയ്യുന്നതു് അതായതു പഞ്ചായത്തുകളിലെ ജനസംഖ്യ അനുസരിച്ചാണു്. അങ്ങനെയാണെങ്കിൽ കൂടുതൽ ജനസംഖ്യയുള്ള സ്ഥലത്തു് കൂടുതൽ വിഹിതം കൊടുക്കേണ്ടിവരികയും കുറഞ്ഞ ജനസംഖ്യയുള്ളിടത്തു് കുറച്ചു വിഹിതം കൊടുക്കേണ്ടിവരികയും ചെയ്യുന്ന സ്ഥിതിവിശേഷം ഉണ്ടാകുകയില്ലേ?

ശ്രീ. കെ. എ. ദാമോദരമേനോൻ: അങ്ങനെയാണു് പറഞ്ഞതെങ്കിൽ അതിൽ ഞാൻ സന്തോഷിക്കുന്നു. പക്ഷേ ഞാൻ മനസ്സിലാക്കിയതു് അങ്ങനെയല്ല. ബഹുമാനപ്പെട്ട മെമ്പർക്കു് ഇതുയും പരിവർത്തനം വന്നതിൽ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

അഭിനന്ദിക്കുന്നു. ഓരോപഞ്ചായത്തുകളുടെയും ധനസ്ഥിതിയനുസരിച്ച് ആദ്യം ഒരു അവലോകനം ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ തുകകൾ വീതിച്ചു കൊടുത്തു് ഈ രാജ്യത്തിലെ എല്ലാ പഞ്ചായത്തുകൾക്കും വികസനത്തിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യേണ്ടതാവശ്യമാണു്. കൂടുതൽ വരുമാനം ഉള്ള പഞ്ചായത്തുകളിൽ അധിവസിക്കുന്ന പൗരന്മാർക്കു് ചെയ്യുകൊടുക്കുന്നതുപോലുള്ള എല്ലാ സുഖസൗകര്യങ്ങളും, അത്രയും വരുമാനമില്ലാത്ത പാവപ്പെട്ട പഞ്ചായത്തുകളിൽ ജീവിക്കുന്ന പൗരന്മാർക്കും ചെയ്തുകൊടുക്കേണ്ടതാവശ്യമാണു്. അത്തരത്തിലുള്ള ഒരു ചിന്തയായിരിക്കണം ഈ സംസ്ഥാനത്തിലെ നിയമസഭയിൽ ഇരുന്നുകൊണ്ടു് കാര്യങ്ങൾ അവലോകനം ചെയ്യുമ്പോൾ നമ്മുടെ മനസ്സിലുണ്ടായിരിക്കേണ്ടതു്.

ശ്രീ. എം. നാരായണക്കുറുപ്പു് : കേരള പഞ്ചായത്തു ബില്ലിനെപ്പറ്റി ചർച്ചചെയ്യുമ്പോൾ നമ്മുടെ സ്റ്റേറ്റിലെ പഞ്ചായത്തുകൾ വളരെ ചെറുതാണെന്നും, ഓരോ പഞ്ചായത്തിലും അയ്യായിരവും പതിനായിരവും വീതം ജനസംഖ്യയുണ്ടെന്നും, അവക്കു് സ്വതന്ത്രമായി പ്രവർത്തിക്കാൻ സാദ്ധ്യമല്ലെന്നും പറയുകയുണ്ടായി. മറ്റു സ്റ്റേറ്റുകളിൽ ഒരു യൂണിയനു് ഉള്ള വലുപ്പം ഇവിടത്തെ പഞ്ചായത്തുകൾക്കു് ഉണ്ടു്. ഇത്രയും വലിയ പഞ്ചായത്തുകൾക്കുമീതെ ഒരു യൂണിയൻ കൗൺസിലിന്റെ ആവശ്യം എന്താണു് ?

ശ്രീ. കെ. എ. ദാമോദരമേനോൻ ; ഞാനിപ്പോൾ ഇവിടെ പറഞ്ഞുകൊണ്ടുവന്നതു്. ശ്രീ. കൃഷ്ണപിള്ള ഇവിടെ ഉന്നയിച്ച വാദത്തെപ്പറ്റിയാണു്. അങ്ങനെ പറഞ്ഞുകൊണ്ടു നിൽക്കുമ്പോൾ ഇങ്ങനെ ഇടയ്ക്കിടയ്ക്കു കയറി ചോദിക്കരുതു്. മറ്റുള്ള സ്റ്റേറ്റുകളിൽ ചെറിയ ചെറിയ പഞ്ചായത്തുകളാണു് ഉള്ളതെന്നുള്ളതു് ശരിയാണു്. പക്ഷേ ആ പഞ്ചായത്തുകൾക്കുള്ളതിനെക്കാൾ കൂടുതൽ ധനാഗമനമാർഗ്ഗം ഇവിടത്തെ പഞ്ചായത്തുകൾക്കു് ഉണ്ടു്. ഇവിടെയുള്ള ചില പഞ്ചായത്തുകൾക്കു് ഒരു ലക്ഷത്തിനപ്പുറം ധനാഗമനമാർഗ്ഗമുണ്ടു്. അങ്ങനെ വരുമ്പോൾ അത്രയും വരുമാനം ഇല്ലാത്ത പഞ്ചായത്തുകൾക്കുകൂടി ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനു് സഹായകമായ നിലയിലാണു് യൂണിയൻ കൗൺസിൽ രൂപീകരിച്ചിട്ടുള്ളതു്. സാമൂഹ്യസേവന സൗകര്യങ്ങൾ, വെളിച്ചം, ശുദ്ധജലം, ആരോഗ്യസംരക്ഷണം ഇവയെല്ലാം തന്നെ നമ്മുടെ രാജ്യത്തുള്ള എല്ലാ പഞ്ചായത്തുകൾക്കും തുല്യമായി കിട്ടുന്നതിനുള്ള നിലപാടു് എടുക്കുന്നതായിരിക്കും ഉത്തമം. അങ്ങനെ വരുമ്പോൾ ഓരോ പഞ്ചായത്തിനും പരമാവധി കിട്ടേണ്ട വരുമാനമാർഗ്ഗങ്ങൾ നടപ്പിലാക്കണം. ഇവിടെ ഒരു പഞ്ചായത്തിനു് വളരെ അധികാരങ്ങൾ കൊടുത്തിട്ടുണ്ടു്. യൂണിയൻ കൗൺസിലിൽ കൂടി പ്രവർത്തിക്കുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്കു് വിട്ടുകൊടുക്കുകയാണു് ഈ ബില്ലുകൊണ്ടു് ചെയ്തിരിക്കുന്നതു്. അല്ലെങ്കിൽ പഞ്ചായത്തുകൾ തമ്മിൽ സംഘർഷം ഉണ്ടാകുകയില്ലേയെന്നുള്ള ചോദ്യം ഇവിടെ വന്നേയ്ക്കാൻ ഇടയുണ്ടു്. പഞ്ചായത്തുകളുടെ അധികാരം കഴിവുള്ളിടത്തോളം അതേ നിലയിൽ നിലനിർത്തണമെന്നാണു് ഗവണ്മെൻറിന്റെ ഉദ്ദേശം. ഞാൻ ഇവിടെ പറഞ്ഞതുപോലെ ചില കാര്യങ്ങൾ ഒരു പഞ്ചായത്തു മാത്രം വിചാരിച്ചാൽ നിവൃഹിക്കാൻ സാധിക്കുകയില്ല. അങ്ങനെയുള്ള കാര്യങ്ങൾ യൂണിയൻ കൗൺസിലിലെ അംഗങ്ങളായിട്ടുള്ള എല്ലാ പഞ്ചായത്തുകളും കൂടി വിചാരിച്ചാൽ ഭംഗിയായി നിവൃഹിക്കാൻ കഴിയും. ചില ഫംഗ്ഷനെല്ലാം സംഘടിപ്പിക്കണമെങ്കിൽ ഒരു പഞ്ചായത്തു മാത്രം വിചാരിച്ചാൽ സാധിക്കുകയില്ല. ആ വിധത്തിലുണ്ടാകുന്ന കുറവുകൾ പരിഹരിക്കാൻവേണ്ടി മാത്രമാണു് ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നതു്. ഇതിൽ വല്ല പാകപ്പിഴയും ഉണ്ടെങ്കിൽ അതു് സെലക്ട് കമ്മിറ്റി സ്റ്റേജിൽ പരിശോധിച്ചു് വേണ്ട ഭേദഗതികൾ വരുത്താവുന്നതാണു്. പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും എല്ലാ പഞ്ചായത്തുകൾക്കും ഒരേപോലെ ആനുകൂല്യം കിട്ടുന്നതിനും ആവശ്യമായ വകുപ്പുകളാണു് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എ. ദാമോദരമേനോൻ]

ഇവിടെ 47–ാം വകുപ്പിനെപ്പറ്റിയാണു് ഞാൻ പറഞ്ഞതു്. അതു ഞാൻ വായിക്കാം.

47. Entrusting of functions to Councils by Panchayats : Notwithstanding anything contained in the Kerala Panchayat Act. 1960, and subject to the provisions of this Act and the rules made thereunder any panchayat included in a Union may entrust the Council with its consent and on such terms as may be agreed upon the management of any institution or the execution or the maintenance of any work.

എന്നാണു് പറഞ്ഞിരിക്കുന്നതു്. പഞ്ചായത്തിന്റെ ഫംഗ്ഷനിൽപ്പെടുന്ന തെല്ലാം തന്നെ കൗൺസിലിനെ ഏൽപ്പിക്കാമെന്നാണു് ഇതിൽ പറഞ്ഞിരിക്കുന്നതു്. പഞ്ചായത്തിന്റെ സമ്മതത്തോടു കൂടി മാത്രം അതുകൊടുത്താൽ മതിയെന്നു പറയുന്നുണ്ടു്. അതുപോലെതന്നെ ഇതിൽ

48. Entrusting of functions of Councils to panchayats : A Council may, subject to the provisions of this Act and the rules made thereunder, entrust a panchayat within its jurisdiction, with its consent and on such terms as may be agreed upon, the management of any institution or the execution or the maintenance of any work or the performance of any duty, which the Council is bound to execute, maintain or perform.''

എന്നു പറയുന്നുണ്ടു്. കൗൺസിലിന്റെ സാംഗ്ഷൻ അനുസരിച്ചു് ഏതെങ്കിലും ഫംഗ്ഷൻ, പഞ്ചായത്തുകളെ ഏൽപ്പിക്കാൻ കൗൺസിലിനു കഴിയും ഇതൊരു enabling പ്രൊവിഷൻആണു്. ഇതിൽ എന്തെങ്കിലും മാറ്റം വരുത്തണമെന്നുണ്ടെങ്കിൽ അതു സെലക്ട് കമ്മിറ്റിക്കു് പര്യാലോചിക്കാവുന്നതാണു്. പക്ഷേ ഇങ്ങനെയുള്ള കാര്യങ്ങളെസംബന്ധിച്ചിടത്തോളം പരസ്പര സഹകരണം അവശ്യമാണു്. പഞ്ചായത്തുകൾക്കു് കിട്ടിയിട്ടുള്ള ഏതെങ്കിലും അധികാരം വിട്ടുകൊടുക്കയില്ല എന്നുള്ളവാശി പിടിക്കാതെ,അതുപോലെ യൂണിയൻ കൗൺസിലുകളുടെഅധികാരപരിധിയിൽപെടുന്നതായ കാര്യങ്ങളിൽ പഞ്ചായത്തുകൾക്കു് യാതൊരു അധികാരവു മില്ലെന്നുംപറഞ്ഞും പരസ്പരം വാശിപിടിക്കാതെ, സഹകരണ മനോഭാവത്തോടുകൂടി സേവന പരിപാടികളും നിർവ്വഹിക്കണമെന്നുള്ളതാണു് ഉദ്ദേശം. ആ കാര്യത്തിൽ വല്ല പോരായ്മകളും മുണ്ടെങ്കിൽ ആ കാര്യങ്ങളെല്ലാം സെലക്ട് കമ്മറ്റി സ്റ്റേജിൽ പരിശോധിക്കാവുന്നതാണു്.

ശ്രീ. ഈ. പി. ഗോപാലൻ : 42-ാം വകുപ്പിൽ പറയുന്ന ഈ ഫംഗ്ഷൻ സൊക്കെയുണ്ടല്ലോ, അതൊക്കെ തന്നെ പഞ്ചായത്തിന്റെ ചുമതലിയിലു മുണ്ടെന്നുള്ള വസ്തുതയെ പരിഗണിച്ചു് പഞ്ചായത്തിനു കൊടുത്തിട്ടുള്ള അധികാരങ്ങളും ഇതു വരെ പ്രവർത്തനത്തിൽ വരുത്താനോ അനുഭവത്തിൽ ഉപയോഗപ്പെടുത്താനോ കഴിഞ്ഞിട്ടില്ല എന്നുള്ളതുകൊണ്ടു് നേരത്തേ പഞ്ചായത്തുകൾക്കു് കൊടുത്തിരുന്ന ഈ അധികാരം എടുത്തു് യൂണിയൻ കൗൺസിലുകൾക്കു് കൊടുക്കുന്നതു കൊണ്ടു് കൺഫ്ളിക്ട് വരുകയില്ലേ?

ശ്രീ. കെ. എ. ദാമോദരമേനോൻ: വാശിപിടിച്ചാൽ കൺഫ്ളിക്ട് വരും. അങ്ങനെയുള്ള കൺഫ്ളിക്ട് വരാതിരിക്കുന്നതിനുവേണ്ടി എന്തെങ്കിലും ഭേദഗതി വേണമോ എന്നുള്ള കാര്യം സെലക്ട്കമ്മിറ്റി സ്റ്റേജിൽ ആലോചിക്കാമെന്നണു് പറഞ്ഞതു്. രണ്ടു സംഘടനകളും കൂടി സഹകരിച്ചു പ്രവർത്തിക്കുന്നതിനുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കുക എന്നുള്ളതാണു് ഇതിന്റെ അടിസ്ഥാനതത്വം. അതുകൊണ്ടതന്നെയണു് 79–ാംവകുപ്പും ഇവിടെ ചേർത്തിട്ടുള്ളതു് അതിൽ പറയുന്നതു്. ഇങ്ങനെയാണു്.

79. Powers of Government to issue directions, regarding exexcise of powers and functions by Panchayats, Councils and Parishads in certain cases :

LIBRARY ARCHIVES Kerala Legislative Assembly

Where the functions, powers and duties assingned to Panchayats under the Kerala Panchayats Act. 1960 and to the Councils and the Parishads under this Act, relate to the same subject, then the Government may from time to time by an order in writing issue to all or any of the panchayats, Councils or Parishads such directions as they may think necessary regarding the Performance of functions, exercise of powers and discharge of duties in order to avoid any doubt or ambiguity as to authority which shall perfom, exercise or discharge such functions, powers and duties and the said authorities shall be bound to comply with such directions.

ഇവിടെ പറയുന്നതുകേട്ട കളക്ടർക്കും ഡവലപ്പ്മെൻറു ആഫീസർക്കും കൂടുതൽ അധികാരങ്ങളും കൊടുത്തുകൊണ്ടു് ഒരു രാജവാഴ്ചയാണു് ഇവിടെ നടത്തുന്നതെന്നു്. അങ്ങനെയൊന്നുമല്ല സർ,നിങ്ങൾക്കുകൂടി ഉത്തരവാദിത്വമുള്ള ഒരു ജനാധിപത്യ ഗവൺമെൻറാണു് ഇവിടെ ഭരണം നടത്തുന്നതു്. ആ ഗവണ്മെൻറു് ശരിയായി പ്രവർത്തിച്ചില്ലെങ്കിൽ നിങ്ങൾക്കുതന്നെ അതിനെ മാറ്റാവുന്നതാണു്. ഞങ്ങൾ കൊടുക്കുന്ന ഡയറക്ഷൻസനുസരിച്ചു് ഉദ്യോഗസ്ഥന്മാർ പ്രവർത്തിക്കുന്നു എന്നേയുള്ളു. ഉദ്യോഗസ്ഥന്മാർക്കു് വിപുലമായ ചില അധികാരങ്ങളും കൊടുത്തിട്ടുണ്ടെന്നുള്ളതു് ഞങ്ങൾക്കറിയാം. ആ മാതിരികാര്യങ്ങളെക്കുറിച്ചു് ഞാൻ പറഞ്ഞു തുടങ്ങിയതും അതുകൊണ്ടാണു്. ഈ ഗവണ്മെൻറു് എന്തെങ്കിലും ഡയറക്ഷൻസു് കൊടുത്താൽ അതു രാജവാഴ്ചകാലത്തെ ഭരണമാണെന്നൊക്കെ വ്യാഖ്യാനിച്ചു് തള്ളുന്നതു ശരിയല്ല. കളക്ടർ, ബി. ഡി. ഓ. മാർ ഇവരൊന്നും സ്വാധിപതികളല്ല. അവരൊക്കെ ഗവൺമെൻറിൻറെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാരാണു്. അവർക്കെല്ലാം ചില അധികാരങ്ങളും കൊടുത്തിരിക്കുന്നതു ജനാധിപത്യ സംപ്രദായമനുസരിച്ചു് ഭരണം നടത്തുന്ന നമ്മുടെ നാട്ടിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വേണ്ടപോലെ അവരുടെ കൃത്യം നിർവ്വഹിക്കണം എന്നു കരുതിയാണു്. പരമമായി പറഞ്ഞാൽ വികസന പരിപാടികളും നിർവ്വഹിക്കുകയാണു് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതല, ആ ചുമതല നിർവ്വഹിക്കുന്നതിൻറെ,ഉത്തരവാദിത്വം ഭാഗികമായ അടിസ്ഥാനത്തിൽ ഇല്ലാതാക്കാനൊന്നും പോകുന്നില്ല. അതു കുറവു ചെയ്യാനുംപോകുന്നില്ല. ഇവിടെയുള്ള ജനാധിപത്യ ഗവണ്മെൻറു, അതിൻറെ കീഴിലുള്ള ഉദ്യോഗസ്ഥന്മാർക്കു് ഡയറക്ഷൻസു് കൊടുക്കാൻ അധികാരമുള്ള ഗവർണ്മെൻറും അവരെമാറ്റാൻ അധികാരമുള്ള ഗവണ്മെൻറുമാണു്. ആ ഗവർണ്മെൻറിനു് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെമേൽ പരിമിതമായ ചില അധികാരങ്ങളും വേണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ എന്തെങ്കിലും വിധത്തിലുള്ള കൺഫ്ലിക്ടു് വന്നാൽ, വികസന പ്രവർത്തനങ്ങളുടെ നിർവ്വഹണത്തിൽ എന്തെങ്കിലും ആശയക്കുഴപ്പമോ അല്ലെങ്കിൽ ആക്ടനുസരിച്ചു് എടുത്തുപറഞ്ഞിട്ടുള്ള ഫംഗ്ഷനെ സംബന്ധിച്ചു് എതെങ്കിലും തർക്കമോ വന്നാൽ അതില്ലാതാക്കി കൊടുക്കാനുള്ള അധികാരം ഗവണ്മെൻറിൽ നിക്ഷിപ്തമായിട്ടുണ്ടു്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു മനസ്സിലാകാത്തതു കൊണ്ടു് ചോദിക്കയാണു്. പഞ്ചായത്തുകളുടെ പ്രവർത്തനത്തിൻറെ കുറെ ഭാഗവും പഞ്ചായത്തുകളുടെ വരവിൻറെ കുറെ ഭാഗവും മാത്രം കൊടുത്തുകൊണ്ടു് ഒരു കൗൺസിൽ രൂപീകരിച്ചു് ഇവിടെ പ്രതിഷ്ഠിച്ചതു കൊണ്ടുള്ള ഫലം എന്താണു്? ഇങ്ങനെയാണെങ്കിൽ എങ്ങനെയാണു് അധികാര വികേന്ദ്രീകരണം നടപ്പിലാക്കുന്നതെന്നു മനസ്സിലാകുന്നില്ല?

ശ്രീ. കെ. എ ദാമോദരമേനോൻ: ഞാൻ പറഞ്ഞതൊന്നും കുറുപ്പിനു് മനസ്സിലായില്ലെന്നു തോന്നുന്നു. ശുദ്ധജലം കൊണ്ടുവച്ചാലും അതു നിങ്ങളെ കൊണ്ടു് കുടിപ്പിക്കാൻ സാധിക്കുമോ? ഈ ആക്ടനുസരിച്ചു് ഞാൻ പറയുകയാണു്; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു പരിമിതമായ തോതിൽ മാത്രമേ അധികാര വികേന്ദ്രീകരണം കൊടുത്തിട്ടുള്ളു എന്നു്. പോലീസും നീതി ന്യായവു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എ. ദാമോദരമേനോൻ]

മൊക്കെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു കൊടുത്തു കൊണ്ടു് അതല്ലൊം അവർ നടത്തിക്കൊള്ളട്ടെ എന്നുള്ള ഒരു നിലപാടു് നാം സ്വീകരിക്കുന്നില്ല പരിമിതമായതോതിൽ വരുമ്പോൾ ചില അധികാരങ്ങൾ ഗവണ്മെന്റിൽ ഉണ്ടാകും. ആ അധികാരങ്ങൾ ഗവണ്മെന്റു് നിർവ്വഹിക്കേണ്ടതായിട്ടുണ്ടു്. അങ്ങനെ അധികാരങ്ങൾ നിർവ്വഹിക്കുന്ന കാര്യത്തിൽ ഗവണ്മെൻറിന്റെ ഉദ്യോഗസ്ഥന്മാരെ ഉപയോഗപ്പെടുത്തും. ഇതെക്കെയാണു് ഒരു ജനാധിപത്യ ഗവണ്മെന്റു് ചെയ്യുന്നതെന്നു മനസ്സിലാക്കി ക്കൊണ്ടു്, നാം വിഭാവനം ചെയ്യുന്ന അധികാരവികേന്ദ്രീകരണം ഇതൊക്കെയാണെന്നു് മനസ്സിലാക്കിക്കൊണ്ടു വേണം വിമർശിക്കുവാൻ. ഇതിൽ കൂടുതലായി ഇനി വല്ലതും കൊടുക്കണമോ എന്നുള്ള കാര്യം നിയമസഭാ കമ്മറ്റിയിൽ ചർച്ചചെയ്യാം. ഏതായലും കൗൺസിലിന്റെ അധികാരത്തെ സംബന്ധിച്ചു് വിസ്തരിച്ചു, ഞാൻ പറയുന്നില്ല.

പിന്നെ വലിയൊരുവിമർശനം ഉണ്ടായതു് ജില്ലാപരിഷത്തു് എന്ന സ്ഥാപനം ഇവിടെ ഒരു ഉപദേശക സമിതി മാത്രമായിട്ടാണു് വച്ചിരിക്കുന്നതു് എന്നതിനെ പ്പറ്റിയാണു്. ജില്ലാപരിഷത്തിനു് വേറെചിലസംസ്ഥാനങ്ങളിൽ കൊടുത്തിട്ടുള്ള അധികാരങ്ങൾ ഇവിടെയും കൊടുത്തു കൂടെ എന്നു ചോദിക്കുകയുണ്ടായി. തീർച്ചയായും അതു ചോദിക്കേണ്ട ഒരു കാര്യമാണു്. നമ്മുടെ ജില്ലാപരിഷത്തുക്കൾക്കു് ഗുജറാത്തു്, മഹാരാഷ്ട്ര മുതലായ സംസ്ഥാനങ്ങളിൽ ചെയ്തമാതിരി കൂടുതൽ അധികാരം കൊടുത്തു കൂടെ എന്നുള്ള ചോദ്യത്തെ പ്പറ്റി ഞങ്ങൾ കുറെകൺസൾട്ടു ചെയ്തു. ഇന്നത്തെ പരിതഃസ്ഥിതിയിൽ അങ്ങനെനാം ജില്ലാപരിഷത്തുക്കൾക്കു് കൂടുതൽ അധികാരം കൊടുക്കുന്നതു് ശരിയായിരിക്കുകയില്ല. ഇന്നു പരിമിതമായ രീതിയിൽ ഒരു ഉപദേശക സമിതിയുടെ രൂപത്തിൽ ഇതു വച്ചാൽ മതിയെന്നുള്ളആശയാണു്ഇവിടെ കൂടുതലും പ്രകടിപ്പിച്ചിട്ടുള്ളതു്. കാരണം മറ്റു സംസ്ഥാനങ്ങളിൽ ഇതിനു കൂടുതൽ അധികാരം കൊടുത്ത ശേഷം, അവിടെയുള്ള അവസ്ഥ, ഖണ്ഡനപരമായി വിമർശനരൂപത്തിൽ പറഞ്ഞാൽ, അതു ഭംഗിയായി രിക്കുകയില്ലല്ലോ, എങ്കിലും അതുയേറെ അനുകരിക്കാവുന്ന ഒരു നിലയിലായിട്ടുണ്ടെന്നു് തോന്നിയില്ല. അതുകൊണ്ടു് ഇതു ഉന്നത നിലവാരത്തിൽ ചർച്ച ചെയ്തതിനുശേഷം ഇന്നു ഇതു് ഒരു ഉപദേശകസമിതിയുടെ രൂപത്തിൽ വച്ചാൽ മതിയെന്നുള്ള തീരുമാനമെടുത്തു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : മറ്റു സംസ്ഥാനങ്ങളിലേക്കു് കടക്കുന്നതിനുമുൻപു് ഇവിടെയുണ്ടായിരുന്ന മലബാർ ഡിസ്ട്രിക്ടു് ബോർഡിന്റെ അടിസ്ഥാനത്തിൽ വച്ചാൽപോരേ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അതെക്കെ പോയതിനുശേഷമല്ലേ നിങ്ങളൊക്കെ തിരഞ്ഞെടുക്കപ്പെട്ട ഇവിടെ മെമ്പറന്മാരായി വന്നതു്. ആ ഡിസ്ട്രിക്റ്റുബോർഡു് സ്ഥാപനമൊക്കെ പോയില്ലേ. ഇവിടെ പുതിയ സാഹചര്യങ്ങളുംവന്നു, പുതിയ ഉണർവുവന്നു, പുതിയ അധികാരങ്ങളുംവന്നു ഈ ആളുകളൊക്കെ ഇവിടെ വന്നില്ലേ, അതെക്ക പോകട്ടെ.

76. Government's power to add to functions of all or any of the Parishads :—

Notwithstanding any thing contained in this chapter and subject to such rules as may be prescribed, the Government shall have power to direct all or any of the Parishads to maintain any institution or execute or maintain any work or to exercise any power or discharge any duty within the District.

ജില്ലാ പരിഷത്തിന്റെ ഇന്നുള്ള അധികാരങ്ങൾ വളരെയധികം വിപുലീകരിക്കാൻ ഗവണ്മെൻറിനു് 76-ാം വകുപ്പുപ്രകാരം അധികാരമുണ്ടു്. ഗവണ്മെൻറിനു് വേണമെങ്കിൽ അതു ചെയ്യാമെന്നാണു് അർത്ഥം. അതുകൊണ്ടു് വേണമെന്നു കണ്ടാൽ പിന്നീടു് ആ വിധത്തിൽ ഒരു വികസനം വരുത്താമെന്നുള്ളതുകൊണ്ടു് ആദ്യപടിയായി ഇങ്ങനെ വച്ചാൽ മതിയെന്നാണു് നിർദ്ദേശിച്ചതു്.

LIBRARY ARCHIVES Kerala Legislative Assembly

കൂടുതലായി ഞാനിതിനെപ്പറ്റിയൊന്നും പറയുന്നില്ല. ഞാൻ ഏതാണ്ട് മുക്കാൽ മണിക്കൂറോളം പ്രസംഗിച്ചു. ഇത് ഈ അവസരത്തിൽ സെലക്ട് കമ്മിറ്റിക്കയയ്ക്കുന്ന സ്റ്റേജിൽ ദീർഘമായി മറുപടി പറയേണ്ട ആവശ്യമില്ല. കാരണം എന്താണെന്നു വച്ചാൽ ഞാൻ ഏതെങ്കിലും ഖണ്ഡിതമായ അഭിപ്രായം പ്രകടിപ്പിച്ചാൽ, അത് ബഹുമാനപ്പെട്ട മെമ്പറന്മാർ തെറ്റിദ്ധരിച്ച് അതിന്റെ ഫലമായി സെലക്ട് കമ്മിറ്റി വാശിപൂർവ്വകമായ ഒരു നിലപാട് സ്വീകരിക്കുകയാണെങ്കിൽ അത് നിർഭാഗ്യകരമായിത്തീരും. അതുകൊണ്ട് ഇന്നു മനസ്സോടുകൂടി ഞാൻ ഇതിനെ വീക്ഷിക്കുകയാണ്. ഇവിടെ പറഞ്ഞ കാര്യങ്ങളെല്ലാം സെലക്ട് കമ്മിറ്റിയിൽ കാര്യമായി പരിഗണിക്കാം; സ്വീകാര്യമായിട്ടുള്ളവ സ്വീകരിക്കുകയും ചെയ്യാം. ഈ ബിൽ സെലക്ട് കമ്മിറ്റിക്കയയ്ക്കണമെന്നുള്ള മോഷൻ പാസ്സാക്കിത്തരണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

The Amendment moved by Shri K. Krishna Pillai that the Bill be circulate eliciting for public opinion till 1st June 1964 was put and lost.

Mr. Speaker : The Question is that Kerala Panchayat Union Councils and Zilla Parishads Bill, 1964 be referred to a Select Committee consisting of the following Members :

1. Shri E. M. Sankaran Namboodiripad
2. Shri P. Ravindran.
3. Shri K. V. Narayanan.
4. Shri P. C. Raghavan Nair.
5. Shri E. P. Gopalan.
6. Shri George Joseph Podippara.
7. Shri T. O. Bava.
8. Shri K. Narayana Kurup.
9. Shri P. R. Francis.
10. Shri P. S. Karthikeyan.
11. Shri C. G. Janardhanan.
12. Shri M. C. Abraham.
13. Shri P. K. Abdul Kader.
14. Shri C. Kunhikrishnan Nair.
15. Shri R. Balakrishna Pillai
16. Shri M. Narayana Kurup.
17. Shri P. K. Narayanan Nambair.
18. Shri Ponnara G. Sreedhar
19. Shri K. Hassan Gani
20. Shri K. Moideenkutty Haji.
21. Shri T. A. Thomman, Minister for Law and Revenue and the mover.

The motion was put and carried, and the Bill was referred to the Select Committee.

Mr. Speaker : The Minister in charge of the Bill will be the Chairman and the Committee will report in due course.

The Nurses and Midwives (Amendment) Bill, 1963

2/2098/V.

LIBRARY ARCHIVES Kerala Legislative Assembly

Minister for Public Health (**Shri M. P. Govindan Nair**) :

Sir, I move that the Nurses and Midwives (Amendment) Bill, 1963 as reported by the Select Committee, be taken into consideration.

Minister for Law and Revenue (**Shri T. A. Thomman**) :

Sir, I Second It.

The question that the Nurses and Midwives (Amendment) Bill, 1963 as reported by the Select Committee, be taken into consideration was put and carried.

The Bill was taken into consideration.

Clause 2

The question that Clause 2 stands part of the Bill was put and carrried.

Clause 2 was added to the Bill.

Clause 3

Mr. Speaker : Amendment No. 1 is in the name of Smt. K. R. Gouri. The hon. Member is not in her seat.

The question that Clause 3 stands part of the Bill was put and carried.

Clause 3 was added to the Bill.

Clauses 4 *to* 14

The question that Clauses 4 to 14 stand part of the Bill was put and carried. Clauses 4 to 14 were added to the Bill.

Clause 15

Mr. Speaker : Amendment No. 2 is given notice of by Smt. K. R. Gouri. The hon. Member is not in her seat.

The question that Clause 15 stands part of the Bill was put and carried. Clause 15 was added to the Bill.

Clauses 16 *to* 21

The question that Clauses 16 to 21 stand part of the Bill was put and carried.

Clauses 16 to 21 were added to the Bill.

Clause 1, *Preamble* & *Title*

The question that Clause 1, Preamble and Title stand part of the Bill was put and carried.

Cleuse 1, Premble and Title were added to the Bill.

Shri M. P. Govindan Nair : Sir, I move that the Nurses and Midwives (Amendment) Bill, 1963 be finally passed.

Minister for Law and Revenue (**Shri T. A. Thomman**) : Sir, I second it.

The question that the Nurses and Midwives (Amendment) Bill, 1963 be passed was put and carried.

The Bill was passed.

LIBRARY ARCHIVES Kerala Legislative Assembly